"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടി സർവീസസ്- സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.8/2026/WCDD തീയതി,തിരുവനന്തപുരം, 19-05-2026

---

പരാമർശം:- 1. സ.ഉ.(കൈ)നം.4/2026/WCDD, തീയതി. 28/02/2026

**<u>ഉത്തരവ്</u>**

അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം അങ്കണവാടി വർക്കർമാർക്ക് ₹4,500/- (നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം), അങ്കണവാടി ഹെൽപ്പർമാർക്ക് ₹2,250/- (രണ്ടായിരത്തി ഇരുന്നൂറ്റിയൻപത് രൂപ മാത്രം) എന്ന നിരക്കിലാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന ഓണറേറിയത്തിന്റെ 60 % തുക (വർക്കർക്ക് ₹2,700/- ഉം ഹെൽപ്പർക്ക് ₹1,350/- ഉം) കേന്ദ്ര സർക്കാരും 40% തുക (വർക്കർക്ക് ₹1,800/- ഉം ഹെൽപ്പർക്ക് ₹900/- ഉം) സംസ്ഥാന സർക്കാരും ആണ് വഹിക്കുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഓണറേറിയത്തിന്റെ 40% കൂടാതെ, വർദ്ധനവ് വരുത്തിയിട്ടുള്ള സംസ്ഥാന സർക്കാർ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് 01/04/2026 പ്രാബല്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക 1 അനുസരിച്ചുള്ള നിരക്കിലാണ് പരാമർശ ഉത്തരവ് പ്രകാരം അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം അനുവദിച്ചു വരുന്നത്.

**പട്ടിക 1**

| വിഭാഗം | **10 വർഷത്തിൽ താഴെ സേവനകാലയളവുള്ളവരുടെ ഓണറേറിയം (രൂപയിൽ)** | **10 വർഷത്തിലധികം സേവനകാലയളവുള്ളവരുടെ ഓണറേറിയം (രൂപയിൽ)** |
|---|---|---|
| അങ്കണവാടി വർക്കർ | **14500** | **15000** |
| അങ്കണവാടി ഹെൽപ്പർ | **10000** | **10500** |

2 . സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം ചുവടെ ചേർത്തിരിക്കുന്ന പട്ടിക 2 പ്രകാരമുള്ള നിരക്കിൽ 01/06/2026 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പട്ടിക 2

| തസ്തിക | കേന്ദ്ര വിഹിതം-60% | ആനുപാതിക സംസ്ഥാന വിഹിതം-40% | ആകെ (2)+ (3) | നിലവിലെ അധിക സംസ്ഥാന വിഹിതം | | 01/06/2026 പ്രാബല്യത്തിൽ അധിക സംസ്ഥാന വിഹിതം | | തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | ആകെ ഓണറേറിയം | |
|---|---|---|---|---|---|---|---|---|---|---|
| | | | | 10 വർഷത്തിൽ താഴെ സേവനകാലയളവുള്ളവർക്ക് | 10 വർഷത്തിലധികം സേവനകാലയളവുള്ളവർക്ക് | 10 വർഷത്തിൽ താഴെ സേവനകാലയളവുള്ളവർക്ക് | 10 വർഷത്തിലധികം സേവനകാലയളവുള്ളവർക്ക് | | 10 വർഷത്തിൽ താഴെ സേവനകാലയളവുള്ളവർക്ക് (4)+(7)+ (9) | 10 വർഷത്തിലധികം സേവനകാലയളവുള്ളവർക്ക് (4)+ (8)+ (9) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| അങ്കണവാടി വർക്കർ | 2700 | 1800 | 4500 | 7800 | 8300 | 8800 | 9300 | 2200 | 15500 | 16000 |
| അങ്കണവാടി ഹെൽപ്പർ | 1350 | 900 | 2250 | 6300 | 6800 | 7300 | 7800 | 1450 | 11000 | 11500 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (**WCD-1/133/2026-Fin (e:3509434) dated 19.05.2026**)
പൊതുഭരണ (എസ് സി) വകുപ്പ് (ബഹു. മന്ത്രിസഭാ യോഗതീരുമാനം ഇനം നം. **7 O. A**, തീയതി. **18/05/2026** പ്രകാരം)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 20-05-2026 10:58:49